ഉത്തരം

(എ) 23-1-2001-നാണ് തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിലെ പെൺകുട്ടികൾക്കുവേണ്ടിയുള്ള ഹോസ്റ്റലിന്റെ നിർമ്മാണത്തിന് സ്ഥലം പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയത്. ലേഡീസ് ഹോസ്റ്റലിന്റെ 90 ശതമാനം ജോലികളും പൂർത്തിയായിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിന്റെ അടങ്കൽ തുകയിൽ ഭേദഗതി വരുത്തുന്നതിലേക്ക് പൊതുമരാമത്ത് ചീഫ് എൻജിനീയർ സമർപ്പിച്ച ഒരു കോടി അൻപത്തിഒൻപത് ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഹോസ്റ്റൽ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഏറനാട് താലൂക്ക് സർക്കാർ ഹോമിയോ ആശുപത്രി

164 [1744] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് താലൂക്ക് സർക്കാർ ഹോമിയോ ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) ഈ ആശുപത്രി സർക്കാർ ഉടമസ്ഥതയിലുള്ളതാണോ, മുനിസിപ്പാലിറ്റി ഉടമസ്ഥതയിലാണോ എന്നറിയിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ബോർഡിൽ മുനിസിപ്പാലിറ്റി ആശുപത്രി എന്ന് രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. താലൂക്ക് ഹോമിയോ ആശുപത്രി, മഞ്ചേരി എന്നാണ് ഏറനാട് താലൂക്കിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിയുടെ പേര്.

(ബി) അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ ആശുപത്രി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

(സി ആന്റ് ഡി) ഉണ്ട്. ഡി.ഡി.സി. മീറ്റിംഗിൽ ജില്ലാ കളക്ടറും സ്ഥലം എം.എൽ.എ.-യും സമ്മതിച്ചതിനാലാണ് മുനിസിപ്പാലിറ്റി ആശുപത്രി എന്ന് ബോർഡിൽ എഴുതിയത്.

LIBRARY ARCHIVES Kerala Legislative Assembly